# Athmaraksha.org

കുടുംബപ്രാർത്ഥനകൾ

## പരിശുദ്ധാതമാവിനോടുള്ള പ്രാർത്ഥന-Holy spirit




### പരിശുദ്ധാതമാവിനോടുള്ള പ്രാർത്ഥന

എല്ലാറ്റിനേയും നവീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവേ, എഴുന്നള്ളി വരണമേ. അവിടന്ന ഞങ്ങളിൽ നിറഞ്ഞുനില്ക്കുകയും അവിടത്തെ സ്നേഹത്തിന്റെ കതിരുകൾ ഞങ്ങളിൽ പരത്തുകയും ചെയ്യേണമേ. നിത്യവും ഞങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവേ, അനുതാപത്തിന്റെ അരൂപി ഞങ്ങൾക്കു തരണമേ. പാപത്തിൽനിന്നും പാപസാഹചര്യങ്ങളിൽനിന്നും ഞങ്ങളെ അകറ്റണമേ. വിജ്ഞാനത്തിന്റെയും, അറിവിന്റെയും ഉറവിടമായ പരിശുദ്ധാത്മാവേ, യേശുവിന്റെ പഠനങ്ങളാൽ ഞങ്ങളെ പ്രബുദ്ധരാക്കണമേ. വിശ്വാസത്തിൽ ഉറപ്പിക്കുകയും പ്രത്യാശയിൽ നടത്തുകയും ചെയ്യേണമേ.

വേദനിക്കുന്നവരെ ആശ്വസിപ്പിക്കുകയും ദുഃഖിതരെ ആനന്ദിപ്പിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവേ, അവിടത്തെ സമാശ്വാസത്തിന്റെ ശീതളച്ഛായയിൽ ഞങ്ങളെ നിർത്തണമേ. സ്നേഹത്തിലും വിശുദ്ധിയിലും ഞങ്ങളെ വളർത്തണമേ. അഗതികളുടെ ആശ്രയവും വരദാനങ്ങളുടെ ഉറവിടവുമായ പരിശുദ്ധാത്മാവേ, അവിടത്തെ അനുഗ്രഹത്തിന്റെ സമൃദ്ധിയാൽ ഞങ്ങളുടെ ദാരിദ്ര്യം അകറ്റണമേ. മനസ്സിന്റെ ശൂന്യത മാറ്റി ഹൃദയം ഉജ്ജ്വലിപ്പിക്കണമേ. ഞങ്ങളുടെ മദ്ധ്യസ്ഥനും മാർഗ്ഗവുമായ പരിശുദ്ധാത്മാവേ, ഞങ്ങളുടെ വഴികൾ അങ്ങ് നേരെയാക്കുകയും വഴിതെറ്റിപ്പോയവരെ നേർവഴിക്കു തിരിക്കുകയും ചെയ്യേണമേ. സത്യത്തിലും നീതിയിലും ഞങ്ങളെ നടത്തണമേ.

ഐക്യത്തിന്റെ നിദാനമായ പരിശുദ്ധാത്മാവേ, അകന്നുപോയവരെ അടുപ്പിക്കുകയും ഭിന്നതകൾ അകറ്റുകയും ചെയ്യണമേ. ഞങ്ങളുടെ നെടുവീർപ്പുകളിലും വിലാപങ്ങളിലും ഞങ്ങളെ ആശ്വസിപ്പിക്കണമേ. ഞങ്ങളുടെ പദ്ധതികളെ അങ്ങു നയിക്കുകയും ഉദ്യമങ്ങളെ വിജയിപ്പിക്കുകയും ചെയ്യേണമേ. ആമ്മേൻ

ഗാനം

ആത്മാവേ പരിശുദ്ധാത്മാവേ(2)
എൻ ഹൃദയത്തിൽ വാഴും ആത്മാവേ

നിറയണമേ എന്നിൽ നിറയണമേ
ജീവജലത്തിൻ അരുവിയായ്
നിറഞ്ഞു കവിഞ്ഞൊഴുകണമേ
സ്നേഹാഗ്നി ജ്വാലയായ്
എന്നിൽ കത്തിപ്പടരണമേ (ആത്മാവേ)

## തിരുവചനം

നമ്മുടെ ബലഹീനതയിൽ ആത്മാവ് നമ്മെ സഹായിക്കുന്നു (റോമാ 8:26). പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും (അപ്പ.പ്രവർത്തനങ്ങൾ 1:8)

എന്റെ നാമത്തിൽ പിതാവ് അയയ്ക്കുന്ന സഹായകനായ പരിശുദ്ധാത്മാവ് എല്ലാ കാര്യങ്ങളും നിങ്ങളെ പഠിപ്പിക്കുകയും ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും (യോഹന്നാൻ 14:26).

+++